ALL INDIA RADIO, THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 08.02.2025** പ്രധാന വാർത്തകൾ **TIME : 07.25 AM**

1. ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പ് ഫലം ഇന്ന്. വോട്ടെണ്ണൽ അല്പസമയത്തിനകം ആരംഭിക്കും.

   **Delhi Assembly Election Results to be declared today. Counting to begin shortly.**

2. സ്കിൽ ഇന്ത്യ പദ്ധതിയുടെ തുടർച്ചയ്ക്കും പുനഃസംഘടനയ്ക്കും കേന്ദ്രമന്ത്രിസഭാ അംഗീകാരം. ദേശീയ സഫർ കർമചാരി കമ്മീഷന്റെ കാലാവധി 2028 മാർച്ച് വരെ നീട്ടി. സൗത്ത് കോസ്റ്റ് റെയിൽവേ സോണിനും അംഗീകാരം.

   **Union Cabinet approves continuation and restructuring of Skill India Scheme. The tenure of the National Commission for Safai Karamcharis extended for three years till 31st March 2028. Cabinet also gave approval for South Coast Railways Zone.**

3. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ഫ്രാൻസ്-യുഎസ് സന്ദർശത്തിന് മറ്റന്നാൾ തുടക്കം. ഫ്രാൻസിൽ നടക്കുന്ന നിർമിതബുദ്ധി ഉച്ചകോടിയിൽ പ്രധാനമന്ത്രി പങ്കെടുക്കും.

   **Prime Minister Narendra Modi's France-US visit to begin the day after tomorrow. The Prime Minister will attend the Artificial Intelligence Summit in France.**

4. വയനാട് ചൂരൽമല- മുണ്ടക്കൈ പുനരധിവസത്തിനുള്ള ഒന്നാം ഘട്ട പട്ടിക സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി അംഗീകരിച്ചു. ആദ്യ പട്ടികയിൽ 242 പേർ.

   **The State Disaster Management Authority has approved the first list for those included in the rehabilitation of Wayanad Chooralmala-Mundakai disaster. The first list includes 242 people.**

5. 38-ാമത് ദേശീയ ഗെയിംസിൽ സ്വർണ തിളക്കവുമായി കേരള ഫുട്ബോൾ ടീം. സുവർണ നേട്ടം 27 വർഷങ്ങൾക്ക് ശേഷം.

**Kerala Men's football team bags gold in National games after 27 years.**

&&&&&&&&&&&&&&&&

## HEADLINE – 1
## DELHI COUNTING

ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പിൻറെ വോട്ടെണ്ണൽ ഇന്ന്. രാവിലെ 8 മണിക്ക് ആരംഭിക്കുന്ന വോട്ടെണ്ണലിനുള്ള ഒരുക്കങ്ങൾ പൂർത്തിയായതായി തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. വോട്ടെണ്ണലിനായി ഡൽഹിയിലെ 11 ജില്ലകളിലായി 19 വോട്ടെണ്ണൽ കേന്ദ്രങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. ഈ മാസം അഞ്ചിനാണ് ഡൽഹിയിലെ 70 അംഗ നിയമസഭയിലേക്ക് വോട്ടെടുപ്പ് നടന്നത്. ശക്തമായ ത്രികോണ മത്സരം നടന്ന ഡൽഹിയിൽ 60.42 ശതമാനം പോളിംഗ് രേഖപ്പെടുത്തിയിരുന്നു.

&&&&&&&&&&&&&&&&

## HEADLINE – 2
## REV. CABINET BRIEFING - INTRO

സ്കിൽ ഇന്ത്യ പദ്ധതിയുടെ തുടർച്ചയ്ക്കും പുനഃസംഘടനയ്ക്കും കേന്ദ്രമന്ത്രിസഭായോഗം അംഗീകാരം നൽകി. 2022-23 മുതൽ 2025-26 വരെയുള്ള കാലയളവിലേക്കുള്ള സ്കിൽ ഇന്ത്യ പ്രോഗ്രാമിനായി എണ്ണായിരത്തി 800 കോടി രൂപ അനുവദിച്ചു. ആവശ്യങ്ങളെ അടിസ്ഥാനമാക്കിയുള്ള നൈപുണ്യ വികസനമാണ് സർക്കാർ പ്രാധാന്യം നൽകുന്നതെന്നും സംയോജനത്തിനും ഗുണനിലവാര വർദ്ധനവിനും ഊന്നൽ നൽകുമെന്നും കേന്ദ്ര മന്ത്രി അശ്വിനി വൈഷണവ് പറഞ്ഞു. ദേശീയ സഫർ കർമചാരി കമ്മീഷന്റെ കാലാവധി 2028 മാർച്ച് 31 വരെ നീട്ടുന്നതിനും

സർക്കാർ അംഗീകാരം നല്കി. റെയിൽവേ പ്രവർത്തനങ്ങളിൽ കാര്യക്ഷമത വർധിപ്പിക്കുന്നതിനായി സൗത്ത് കോസ്റ്റ് റെയിൽവേ സോണിനും അംഗീകാരം നൽകിയതായി മന്ത്രി അറിയിച്ചു.

(വോയിസ്....)

&&&&&&&&&&&&&&&&

## PM WAVES

വിനോദം, സർഗ്ഗാത്മകത, സംസ്കാരം എന്നിവയെ ഒന്നിപ്പിക്കുന്ന വേവ്സ് ആഗോള ഉച്ചകോടിയുടെ ഉപദേശക സമിതി യോഗം പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ ഇന്നലെ ചേർന്നു. പ്രമുഖ ചലച്ചിത്ര നടൻമാർ, വ്യവസായ പ്രമുഖർ, IT വിദഗ്ദ്ധർ മറ്റുമേഖലകളിലെ പ്രൊഫഷണലുകൾ ഉൾപ്പെടെയുള്ളുമായി പ്രധാനമന്ത്രി ഓൺലൈനായി സംവദിച്ചു. ഉപദേശക സമിതിയിലെ അംഗങ്ങൾ സമൂഹത്തിൻറെ വിവിധ മേഖലകളിൽ നിന്നുള്ള പ്രമുഖരാണെന്ന് സമൂഹ മാധ്യമ പോസ്റ്റിൽ പ്രധാനമന്ത്രി പറഞ്ഞു. ഇന്ത്യയെ ആഗോള വിനോദ കേന്ദ്രമാക്കി മാറ്റാനുള്ള ശ്രമങ്ങളെ എങ്ങനെ മെച്ചപ്പെടുത്താം എന്നതിനെക്കുറിച്ച് വിലയേറിയനിർദേശങ്ങൾ സമിതി അംഗങ്ങൾ പങ്കുവെച്ചുവെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&

## HEADLINE – 3
## PM MODI VISIT

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ഫ്രാൻസ്-യുഎസ് സന്ദർശത്തിന് മറ്റന്നാൾ തുടക്കം. ഇരുരാജ്യങ്ങളും ഇന്ത്യയും തമ്മിലുള്ള തന്ത്രപരവും സാങ്കേതികപരവുമായ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിൽ യാത്ര ഊന്നൽ

നൽകും. ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മക്രോണിന്റെ ക്ഷണപ്രകാരം ഈ മാസം 10 മുതൽ 12 വരെ ഫ്രാൻസ് സന്ദർശിക്കുന്ന പ്രധാനമന്ത്രി, നിർമിതബുദ്ധി ഉച്ചകോടിയിൽ പങ്കെടുക്കും. ഉച്ചകോടിയുടെ സഹ-അധ്യക്ഷ എന്ന നിലയിൽ, അന്താരാഷ്ട്ര നിർമിതബുദ്ധി നയങ്ങൾ രൂപപ്പെടുത്തുന്നതിൽ ഇന്ത്യ നിർണായക പങ്ക് വഹിക്കും. ഉഭയകക്ഷി ചർച്ചകളിൽ പങ്കെടുക്കുന്ന പ്രധാനമന്ത്രി ഇന്ത്യയുടെ പുതിയ കോൺസുലേറ്റ് ജനറലിന്റെ ഉദ്ഘാടനവും നിർവഹിക്കും. തുടർന്ന് രണ്ട് ദിവസത്തെ സന്ദർശനത്തിനായി അദ്ദേഹം യു എസിലേക്ക് തിരിക്കും.

&&&&&&&&&&&&&&&&

## TRIPURA- SKILL DEVELOPMENT

ത്രിപുരയിൽ സ്കൂൾ, കോളേജ് വിദ്യാർത്ഥികളെ ശാക്തീകരിക്കുന്നത് ലക്ഷ്യമിട്ടുള്ള നൈപുണ്യ വികസന പരിശീലന പരിപാടി 'സ്കിൽ ഉദയ് തോംഗൈ' മുഖ്യമന്ത്രി മണിക് സാഹ ഉദ്ഘാടനം ചെയ്തു. ഇന്നലെ അഗർത്തലയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ 80,000-ത്തോളം വിദ്യാർഥികളെ വിവിധ സംരംഭങ്ങളിലൂടെ ശാക്തീകരിക്കുകയാണ് ലക്ഷ്യമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&

## CIVIL AVIATION

രാജ്യത്തെ വിമാന നിർമാണം അവലോകനം ചെയ്യുന്നതിനും മെച്ചപ്പെടുത്തുന്നതിനുമുള്ള ഉന്നതതല യോഗം വ്യോമയാന മന്ത്രി രാം മോഹൻ നായിഡുവിൻറെ അധ്യക്ഷതയിൽ ചേർന്നു. സിവിൽ ഏവിയേഷൻ സെക്രട്ടറി ഉൾപ്പെടെയുള്ള മുതിർന്ന ഉദ്യോഗസ്ഥരും വ്യവസായ - ഗവേഷണ സ്ഥാപനങ്ങൾ, വിവിധ സർക്കാർ വകുപ്പുകൾ എന്നിവയുടെ പ്രതിനിധികളും പങ്കെടുത്തു. ആഭ്യന്തര

ഉൽപ്പാദനം ശക്തിപ്പെടുത്തുന്നതിനും വിമാന നിർമാണ മേഖലയിൽ ആഗോള മത്സരക്ഷമത വർധിപ്പിക്കുന്നതിനുമുള്ള ചർച്ചകളാണ് പ്രധാനമായും നടന്നത്. ആഗോള വ്യോമയാന രംഗത്ത് മുന്നിലെത്തുന്നതിന് സമഗ്രമായ സാഹചര്യം സൃഷ്ടിക്കുകയാണ് ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&

## HEADLINE – 4
## WAYANAD

ചൂരൽമല, മുണ്ടക്കൈ ദുരന്തത്തിൽ പെട്ട് പുനരധിവസിപ്പിക്കേണ്ടവരുടെ ആദ്യഘട്ട പട്ടികയ്ക്ക് അംഗീകാരം. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയാണ് പട്ടിക അംഗീകരിച്ചത്. 242 പേരാണ് പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളത്. ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ വയനാട് കളക്ട്രേറ്റിൽ ഇന്നലെയാണ് യോഗം ചേർന്നത്.

&&&&&&&&&&&&&&&&

## RBI MONETARY POLICY - INTRO

കേന്ദ്രബജറ്റിൽ പ്രഖ്യാപിച്ച ഒരു ലക്ഷം കോടിയുടെ നികുതി ഇളവ് പണപ്പെരുപ്പത്തിൽ നിർണായക മാറ്റമുണ്ടാക്കില്ലെന്ന് റിസർവ് ബാങ്ക് ഗവർണർ സഞ്ജയ് മൽഹോത്ര. റിപ്പോ നിരക്ക് 6.5 ശതമാനത്തിൽ നിന്ന് 6.25 ശതമാനമായി കുറയ്ക്കാനുള്ള പണനയ അവലോകന സമിതിയുടെ തീരുമാനത്തിന് ശേഷം മാധ്യമപ്രവർത്തകരെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. വിവേകപൂർണ്ണമായ സാമ്പത്തിക പെരുമാറ്റവുമായി ബന്ധപ്പെട്ട ചട്ടക്കൂട് ശക്തിപ്പെടുത്തുന്നതിനും, യുക്തിസഹമാക്കുന്നതിനുമുള്ള പരിഷ്കരിക്കരണം ആർബിഐ തുടരുമെന്ന് ശ്രീ മൽഹോത്ര പറഞ്ഞു.

(വോയ്സ്)

&&&&&&&&&&&&&&&&

## NATIONAL GAMES

38-ാമത് ദേശീയ ഗെയിംസിൽ സ്വർണ തിളക്കവുമായി കേരള ഫുട്ബോൾ ടീം. 27 വർഷങ്ങൾക്ക് ശേഷമാണ് കേരള പുരുഷ ഫുട്ബോൾ ടീം ദേശീയ ഗെയിംസിൽ സ്വർണം നേടുന്നത്. എതിരില്ലാത്ത ഒരു ഗോളിന് ആതിഥേയരായ ഉത്തരാഖണ്ഡിനെ പരാജയപ്പെടുത്തിയാണ് കേരളത്തിൻറെ നേട്ടം. എസ്. ഗോകുലാണ് 53-ാം മിനിറ്റിൽ ഗോൾ നേടിയത്. ഇതോടെ 10 സ്വർണം ഉൾപ്പെടെ 26 മെഡലുകളുമായി കേരളം എട്ടാം സ്ഥാനത്ത്. 39 സ്വർണവുമായി സർവീസസ് ഒന്നാമതും കർണാടകയും മഹാരാഷ്ട്രയും രണ്ടും മൂന്നും സ്ഥാനത്തുമാണ്. അതേസമയം, ദേശീയ ഗെയിംസിലെ അത്ലറ്റിക്സ് മത്സരങ്ങൾക്ക് ഇന്ന് തുടക്കമാകും.

&&&&&&&&&&&&&&&&

## WINTER GAMES

ഒമ്പതാമത് ഏഷ്യൻ വിന്റർ ഗെയിംസിന് ചൈനയിൽ തുടക്കം. ഈ മാസം 14 വരെ തുടരുന്ന ഗെയിംസിൽ 34 രാജ്യങ്ങളിൽ നിന്നുള്ള കായിക താരങ്ങൾ മത്സരിക്കുന്നു. 59 അത്‌ലറ്റുകൾ ഉൾപ്പെടെ 88 അംഗ ഇന്ത്യൻ സംഘവും ഗെയിംസിൽ പങ്കെടുക്കുന്നുണ്ട്.

&&&&&&&&&&&&&&&&

## ISL

ഐ.എസ്.എൽ ഫുട്ബോളിൽ ഇന്ന് രണ്ട് മത്സരങ്ങൾ. വൈകിട്ട് അഞ്ച് മണിക്ക് നടക്കുന്ന ആദ്യ മത്സരത്തിൽ ഹൈദരാബാദ് - മുഹമ്മദൻ എസ്.സി യെ നേരിടും. രാത്രി

7.30 ന് നടക്കുന്ന രണ്ടാം മത്സരത്തിൽ ഈസ്റ്റ് ബംഗാൾ - ചെന്നൈയിൻ എഫ്.സി യുമായി ഏറ്റുമുട്ടും.

&&&&&&&&&&&&&&&&

## PRIYANKA GANDHI

വയനാട് എം.പിയും എ.ഐ.സി.സി. ജനറൽ സെക്രട്ടറിയുമായ പ്രിയങ്ക ഗാന്ധി ഇന്ന് വയനാട്ടിൽ എത്തും. തിങ്കളാഴ്ച വരെ ജില്ലയിൽ വിവിധ പരിപാടികളിൽ പ്രിയങ്കാ ഗാന്ധി പങ്കെടുക്കും. രാവിലെ കണ്ണൂർ വിമാനത്താവളത്തിൽ എത്തുന്ന പ്രിയങ്ക റോഡ് മാർഗം വയനാട്ടിലേക്ക് തിരിക്കും. യു. ഡി. എഫ്. ബൂത്ത് തല നേതൃസംഗമങ്ങളിൽ പങ്കെടുക്കുന്ന എം.പി വന്യജീവി ആക്രമണത്തിൽ കൊല്ലപ്പെട്ട നൗഷാദലി, സരോജിനി, മണി എന്നിവരുടെ ബന്ധുക്കളെയും സന്ദർശിക്കും.

&&&&&&&&&&&&&&&&

## GEORGE KURIAN

കന്യാകുമാരി - പുനലൂർ - കന്യാകുമാരി ട്രെയിനിന് പരവൂരിൽ ഇന്ന് മുതൽ സ്റ്റോപ്പ് അനുവദിക്കും. പരവൂരിൽ എത്തുന്ന ട്രെയിനിൻറെ ഫ്ളാഗ് ഓഫ് കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ നിർവ്വഹിക്കും.

&&&&&&&&&&&&&&&&

## BUDGET GENERAL

ജനക്ഷേമ പ്രഖ്യാപനങ്ങളും, വരുമാന വർദ്ധനയ്ക്കുള്ള മാർഗ്ഗങ്ങളും ഉൾപ്പെടുത്തി 2025-26 വർഷത്തെ കേരള ബജറ്റ്. രൂക്ഷമായ സാമ്പത്തിക പ്രതിസന്ധികളെ അതിജീവിച്ച് സംസ്ഥാനം മെച്ചപ്പെട്ട ധനസ്ഥിതിയിലേക്ക് എത്തിയതായി ധനമന്ത്രി കെ.എൻ ബാലഗോപാൽ വ്യക്തമാക്കി. രണ്ടാം പിണറായി വിജയൻ സർക്കാരിൻറെ

അവസാന സമ്പൂർണ ബജറ്റാണ് ഇന്നലെ അവതരിപ്പിച്ചത്. വയനാട് പുനരധിവാസത്തിനായി സംസ്ഥാന ബജറ്റിൽ 750 കോടി രൂപ വകയിരുത്തി. സംസ്ഥാനത്തെ സർക്കാർ ജീവനക്കാർക്കും, പെൻഷൻകാർക്കും ആശ്വാസമായി ഒരു ഗഡു ക്ഷാമബത്ത കൂടി ഏപ്രിൽ മാസത്തിൽ അനുവദിക്കുമെന്ന് ധനമന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&

## PAK FOOTBALL TEAM SUSPENSION

പാകിസ്ഥാൻ ഫുട്ബോൾ ഫെഡറേഷൻറെ അംഗീകാരം റദ്ദാക്കി അന്താരാഷ്ട്ര ഫുട്ബോൾ ഫെഡറേഷൻ. രാജ്യത്തെ കായികരംഗത്തിന്റെ സുഗമവും നീതിയുക്തവുമായ ഭരണത്തിന് ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിൽ പാകിസ്ഥാൻ ഫെഡറേഷൻ പരാജയപ്പെട്ടതിനാലാണ് നടപടി. 2017 ന് ശേഷം പാകിസ്ഥാൻ ഫുട്ബോൾ ഫെഡറേഷന്റെ മൂന്നാമത്തെ സസ്പെൻഷനാണിത്.

&&&&&&&&&&&&&&&&

## WHO- CONGO

ഡെമോക്രാറ്റിക് റിപ്പബ്ലിക്ക് ഓഫ് കോങ്കോയുടെ കിഴക്കൻ മേഖലയിൽ വർധിച്ചു വരുന്ന സംഘർഷത്തെ തുടർന്ന് കോളറ, മലേറിയ, മങ്കിപോക്സ് പോലുള്ള അസുഖങ്ങൾ പടരാൻ സാധ്യതയുള്ളതായി ലോകാരോഗ്യ സംഘടന മുന്നറിയിപ്പ് നൽകി. സംഘർഷാവസ്ഥ, മങ്കിപോക്സ് വൈറസ് പ്രതിരോധ വാക്സിൻ വിതരണത്തെയും ബാധിച്ചിട്ടുണ്ട്. ലോകാരോഗ്യസംഘടനയുടെ കണക്കനുസരിച്ച് സംഘർഷത്തിൽ കുറഞ്ഞത് 843 പേർ കൊല്ലപ്പെടുകയും 3,082 പേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്.

&&&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&